Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 15 | 2017 ഏപ്രിൽ 9 | 1192 മീനം 26

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"ഭക്തൻ ശ്രദ്ധയുള്ളവനായിരിക്കണം. ശ്രദ്ധയില്ലാത്ത ഭക്തികൊണ്ട് പ്രയോജനമില്ല. ശ്രദ്ധാഭക്തി എന്നാണു പറയുന്നത്. ശ്രദ്ധയും ഭക്തിയുമുണ്ടെങ്കിൽ എവിടെ എന്തു നടന്നാലും അവൻ അറിയും. "

# നവഒലിജ്യോതിർദിനം -18 പ്രവർത്തനങ്ങൾ ഊർജിതം

**സ്പിരിചൽ സോൺ :** സംസ്ഥാനമൊട്ടാകെ നവഒലിജ്യോതിർദിനം സർവ്വമംഗളസുദിനം പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നു. സത്സംഗം, ഗൃഹസന്ദർശനം, സൗഹൃദകൂട്ടായ്മ, കുടുംബസംഗമം എന്നിങ്ങനെ വിപുലമായ പരിപാടികളാണ് നടന്നുകൊണ്ടിരിക്കുന്നത്.



ജനസേവികപുരം യൂണിറ്റിൽ നടന്ന കുടുംബസംഗമത്തിൽ നിന്ന്

പാറശ്ശാല, നെയ്യാറ്റിൻകര, പേരൂർക്കട, മെഡിക്കൽ കോളേജ്, കരമന, ആറ്റിങ്ങൽ, പോളയത്തോട്, പള്ളിക്കൽ, ഏഴുകോൺ, പുനലൂർ, കരുനാഗപ്പള്ളി, കുണ്ടറ, കോന്നി, അടൂർ, കറ്റാനം, തോട്ടപ്പള്ളി, ഹരിപ്പാട്, ഒറ്റപുന്ന, ചന്ദിരൂർ, ചേർത്തല, പാമ്പാടി, പൂഞ്ഞാർ, കോട്ടയം, തലയോലപറമ്പ്, ഉദയനാപുരം, വൈക്കം, പള്ളുരുത്തി, പറവൂർ, പാലാരിവട്ടം, കണ്ണൂർ, ചക്കരക്കല്ല്, വള്ള്യായി, തലശ്ശേരി, കൂത്തുപറമ്പ്, കാസർഗോഡ് എന്നിവടങ്ങളിലാണ് സത്സംഗം സംഘടിപ്പിച്ചത്. ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ആശ്രമം ഡയറക്ടർ സ്വാമി നവനൻമ ജ്ഞാനതപസ്വി, സർവ്വാദരണീയ സ്വാമി സ്നേഹാത്മജ്ഞാനതപസ്വി സത്സംഗങ്ങളിൽമുഖ്യ പ്രഭാഷണം നടത്തി.

ചന്ദിരൂർ, കുന്നത്തൂർ തുടങ്ങിയ വിവിധ കേന്ദ്രങ്ങളിൽ സൗഹൃദകൂട്ടായ്മ സംഘടിപ്പിച്ചു. ശാന്തിഗിരിഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആശ്രമപരിസരത്തുള്ള പന്ത്രണ്ട് യൂണിറ്റുകളിലായി ഇരുപത്തിയഞ്ച് കുടുംബസംഗമങ്ങൾ സംഘടിപ്പിച്ചു. സർവ്വാദരണീയ ജനനി വിമല ജ്ഞാനതപസ്വിനി, ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി, ആദരണീയ ജനനി രേണുരൂപജ്ഞാനതപസ്വി എന്നിവർ വിവിധ കുടുംബസംഗമത്തിൽ പങ്കെടുത്തു.

നവഒലിജ്യോതിർദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 26ന് ആരംഭിച്ച് മെയ് 6 വരെ നീണ്ടുനിൽക്കുന്ന എഴുപത്തിരണ്ട് ദിവസം നീണ്ടുനിൽക്കുന്ന പ്രത്യേക പ്രാർത്ഥനകൾ സ്പിരിചൽ സോണിലും ആശ്രമം ബ്രാഞ്ചുകളിലും നടന്നുകൊണ്ടിരിക്കുകയാണ്.

# ശാന്തിഗിരി ഗുരുകാന്തി അവധിക്കാല പഠനക്യാമ്പിന് തുടക്കമായി

**എഡ്യുക്കേഷൻ സോൺ :** ഒരുമാസം നീണ്ടുനിൽക്കുന്ന ശാന്തിഗിരി ഗുരുകാന്തി അവധിക്കാല ക്യാമ്പിന് ഏപ്രിൽ 3ന് തുടക്കമയി. ആശ്രമം പ്രസിഡന്റ് സർവ്വാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി ക്യാമ്പ് തിരിതെളിയിച്ച് ഉദ്ഘാടനം ചെയ്തു. കുട്ടികളെ ഗുരുവിന്റെ ഇച്ഛയ്ക്കനുസൃതമായി വളർത്തണമെന്ന് സർവ്വാദരണീയ സ്വാമി ആവശ്യപ്പെട്ടു. ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഗുരുവിന്റെ സ്നേഹത്തെക്കുറിച്ചും കുട്ടികൾ ഗുരുമാർഗ്ഗത്തിലൂടെ സഞ്ചരിക്കണമെന്നതിനെക്കുറിച്ചും സംസാരിച്ചു. 1973ന് ശേഷം ഗുരുവിന്റെ സങ്കല്പത്തിൽ ജനിച്ച കുട്ടികളുടെ പ്രാധാന്യത്തെക്കുറിച്ച് സ്വാമി എടുത്തുപറഞ്ഞു. ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റ് ഹെഡ് സർവാദരണീയ ജനനി സുപഥാ ജ്ഞാനതപസ്വിനി, ശാന്തിഗിരി ഗൃഹസ്ഥാശ്രമം ഇൻചാർജ് ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി എന്നിവർ മഹനീയ സാന്നിദ്ധ്യമായി പങ്കെടുത്തു. കെ. സതീശൻ, ഡോ. റ്റി. എസ്. സോമനാഥൻ, വി.എൻ. ഗോപാലകൃഷ്ണൻ, കെ. രവീന്ദ്രൻ, വി.എൻ. ഉണ്ണികൃഷ്ണൻ, ആർ. പരമേശ്വരൻ, പി. ഡി. സീതാദേവി, ഗുരുകാന്തി പി.ടി.എ അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.



ശാന്തിഗിരി ഗുരുകാന്തി പഠന ക്യാമ്പിന് തുടക്കം കുറിയ്ക്കുന്നു

ഗുരുകാന്തി ടീച്ചർമാരുടെ വിദഗ്ധപരിശീലനം തെളിയിക്കും വിധം ഗുരുകാന്തി കുട്ടികളായ തീർത്ഥ സുനിൽ അവതാരികയായും മനുപ്രിയ ഗുരുവാണി വായിച്ചും, ഗുരുകല സ്വാഗത പ്രാസംഗികയായും തിളങ്ങി. കുട്ടികളുടെ കലാപരിപാടികളെ തുടർന്ന് സർവാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി മധുരപ്രസാദം നൽകിയതോടെ അവധിക്കാല ക്യാമ്പിന്റെ ഉദ്ഘാടനകർമ്മം മികവുറ്റതായിമാറി.

തുടർന്ന് കുട്ടികളെ ഗുരുനിധി, ഗുരുസ്നേഹം, പൗർണമി, ഗുരുകീർത്തനം എന്നീ 4 ഗ്രൂപ്പുകളായി തിരിച്ചു. ശ്രീ ഗുരുഗീത, വ്യക്തിത്വ വികസനം, ഡ്രോയിംഗ് എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടത്തി വരുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിവിധ മത്സരങ്ങൾ നടത്തുകയും, കുട്ടികളുടെ കഴിവിനെ അടിസ്ഥാനമാക്കി 'ഡേ ഓഫ് ദ ചൈൽഡ്'നെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുകയും ചെയ്തു വരുന്നു. അവധിക്കാല പഠന ക്യാമ്പ് മെയ് 3ന് സമാപിക്കും.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &
കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

ആദ്യം ആഹാരത്തിനാണ് എല്ലാ ജീവജാലങ്ങളും ആഗ്രഹിക്കുക. അത് കഴിഞ്ഞ് വസ്ത്രം, പിന്നെ ശരീരത്തിന്റെ വേദനയും രോഗങ്ങളും-ഇങ്ങനെ ഓരോന്നും കഴിഞ്ഞ് ഇന്നത്തെ നിലയിൽ ന്യൂക്ലിയർശാസ്ത്രത്തിലെത്തി നിൽക്കുകയാണ്. ഇനിയും ശാസ്ത്രം പലതും കണ്ടുപിടിക്കുകയും ചെയ്യും. പക്ഷേ ഇതെല്ലാം വെറും ഭൗതികത്തിനുള്ളതാണ്. അതുപോലെ നമ്മുടെ ആന്തരികബോധം വളർത്തുന്നതിനും ഒരു വലിയ പ്രയത്നം ആവശ്യമാണ്. മനുഷ്യന് ഈവിധം കഴിവും ബുദ്ധിയും ഉണ്ടായതിന്റെ പിന്നിൽ ഇതിൽ നിന്നെല്ലാം അതീതമായി ഒന്നുണ്ട്. അത് നാം കാണണം.

നമ്മുടെ കാഴ്ചയിൽപ്പെടാതെ ഏതോ ഒരു നിയാമകശക്തി നമ്മെയെന്നല്ല, ലോകത്തെ നിയന്ത്രിച്ചുകൊണ്ട് നിൽക്കുന്നു. ഇങ്ങനെ ബുദ്ധിയുള്ളവർ പല കാലമായിട്ട് ചിന്തിച്ചതിനുശേഷം അവർക്ക് അന്ന് തോന്നിയ നിലയിൽ ആരാധിക്കാൻ തുടങ്ങി. അവർ പിന്നീട് അപ്പോഴുള്ള ബുദ്ധിയിൽ എവിടെയെങ്കിലും പോയി ഇരുന്ന് തപസ്സെന്നോ ധ്യാനമെന്നോ ഉള്ള സ്വഭാവത്തിൽ എന്തോ ചെയ്തിരിക്കും. അത് പിന്നെ ഏതെങ്കിലും കടലിന്റെ കരയിലോ മരത്തിന്റെ ചുവട്ടിലോ മലയിലോ അല്ലെങ്കിൽ ഒറ്റയ്ക്കെവിടെയെല്ലാം ഇരിക്കാൻ കഴിയുമോ അവിടെയെല്ലാം ഇരുന്ന് ചെയ്തിരിക്കും. പിന്നെ കൂട്ടംകൂട്ടമായി സ്തുതിയും പാട്ടും ആർപ്പുവിളികളുമായി അങ്ങനെ പലയിനത്തിലതു ശീലിച്ചു.

ഇങ്ങനെ ശീലിച്ച കൂട്ടത്തിൽ ചില മഹാന്മാർക്ക് ചില അനുഭവങ്ങളുണ്ടായിത്തുടങ്ങി. എവിടെയെങ്കിലും ഒരു കളർ കാണുക, ഒരു മിന്നലൊളി കാണുക, എവിടെയെങ്കിലും ഒരു സ്ഥലത്ത് വൃത്തത്തിൽ പ്രകാശം കാണുക, ടോർച്ചിൽനിന്നുവരുന്നതുപോലുള്ള പ്രകാശം കാണുക, സൂര്യൻ ഉദിച്ചതുപോലെ അല്ലെങ്കിൽ ചന്ദ്രൻ ഉദിച്ചതുപോലെയുള്ള പ്രകാശം കാണുക. ഇങ്ങനെയൊക്കെ പലവിധത്തിലും പറഞ്ഞുവച്ചിട്ടുണ്ട്. അങ്ങനെ കണ്ടതിൽ പിന്നെ ഒരു മനുഷ്യരൂപം ആവർത്തിച്ചാവർത്തിച്ച് കാണുക.

ആ മനുഷ്യരൂപത്തിന് പല വ്യാഖ്യാനങ്ങൾ കൊടുത്ത് പല സ്വഭാവം കൊടുത്ത് ഇവരിങ്ങനെ വന്നുവന്ന് ഇന്നത്തെ നിലയിൽ ആരാധിക്കാനും ആരാധിപ്പിക്കുവാനും പഠിപ്പിച്ചിരിക്കുകയാണ്. ഇന്നത്തെ നിലയെന്നു പറയുമ്പോൾ വിഗ്രഹാരാധനയാണ് ഇതിൽ പ്രാധാന്യമർഹിച്ചു നിൽക്കുന്നത്. ഇതിലൊന്നും ഒരു കാര്യവുമില്ല, ഇതൊക്കെ ഒരു മനുഷ്യന്റെ ചിന്താശീലത്തിൽപ്പെട്ട ഒരു കുരുക്കാണ് എന്നു പറയുന്നവരുമുണ്ട്. അതെന്തോ ആയിക്കോട്ടെ. എന്താണെങ്കിലും നമ്മുടെ വേദനാജനകമായിരിക്കുന്ന ഓരോ കാര്യങ്ങൾക്കുവേണ്ടി ഒരു സാക്ഷിപത്രം ആരെയെങ്കിലും ഏൽപിക്കണം.

കൊച്ചുകുട്ടികളായിരിക്കുമ്പോൾ അച്ഛനമ്മമാരാണ് അവർക്ക് ഏറ്റവും വലുത്. കുറെക്കൂടി മുതിർന്നവരാകുമ്പോൾ അതിനെക്കാളും വലിയ ആളുകളും ലോകത്തുണ്ട് എന്നൊരു ധാരണ അവരിലുണ്ടാകുന്നു. വീണ്ടും കുറെക്കാലം കൂടി കഴിയുന്നതോടെ അതിന്റെ മുകളിൽ ഒരു ഭരണകൂടമുണ്ടെന്നും അതിനെല്ലാം അതീതമായി പിന്നെ ദൈവവുമുണ്ട് എന്നും മനസ്സിലാക്കുന്നു. അപ്പോൾ ഈ ദൈവത്തിന്റെ മഹിമ അറിയാൻവേണ്ടി നമ്മൾ ഓരോന്നു ചെയ്തുവരുമ്പോൾ മുൻപ് പറഞ്ഞ ഈ പ്രകാശരൂപത്തിലല്ലാതെയുമൊക്കെ കിട്ടും. ചില മഹാത്മാക്കൾക്ക് ഇതിന് തിരുത്തിക്കിട്ടുന്ന വാക്കുകൾ ഉണ്ട്. ഇങ്ങനെയൊക്കെ വന്നാണ് നമ്മളെയും തിരുത്തി വന്നിരിക്കുന്നത്.

## വചനദീപ്തി

**"ഈ ഭൂലോകത്തിൽ ബഹുവിധം ജീവകോടികൾ**
**വസിക്കുന്നതുപോലെ ഗന്ധം, ശീതം, ഉഷ്ണം**
**ഈ ഗുണങ്ങളോടുകൂടിയ വായുലോകത്തിലും**
**അനന്തജീവകോടികളിരിക്കുന്നു."**

ശ്രീനാരായണഗുരു

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ഏപ്രിൽ 9 മുതൽ 15 വരെ*

| | |
|---|---|
| **ഞായർ** | **- സ്നേഹപുരം** |
| **തിങ്കൾ** | **- കാഞ്ഞാംപാറ** |
| **ചൊവ്വ** | **- പോത്തൻകോട്** |
| **ബുധൻ** | **- പാലോട്ടുകോണം** |
| **വ്യാഴം** | **- ജ്യോതിപുരം** |
| **വെള്ളി** | **- ശാന്തിപുരം** |
| **ശനി** | **- കരുണപുരം** |

## യാമപ്രാർത്ഥന

*2017 ഏപ്രിൽ 13 വ്യാഴം*

**ശാന്തിപുരം, കരുണപുരം, ജനസേവികപുരം**

### പ്രകാശപഥം

# ഗുരു എന്ന മഹിമാതിരേകത്തിന്റെ സത്യം

ഗുരു അനുഭവസാക്ഷിത്വമാണ്. ആ സാക്ഷിത്വം എന്റെ ഗുരു ഏതെല്ലാം മന്വന്തരങ്ങളിൽ ഏതെല്ലാം മനുവിനെ ദീർഘദർശിത്വസ്വഭാവത്തിൽ നിന്ന് തിരുത്തിക്കൊടുത്തെന്നും ആ മനു എന്റെ ഗുരുവിനെ എങ്ങനെ വണങ്ങിനിന്നെന്നും ആ മനുക്കൾക്കും മനുവായി എന്റെ ഗുരു എങ്ങനെ പ്രവർത്തിച്ചൊതുക്കിയെന്നും ആ തപശ്ചര്യയിൽ എന്റെ ഗുരു ഏതെല്ലാം സ്വഭാവത്തിൽ ഈ ജീവകോടികളോട് ഇണങ്ങിച്ചേർന്നെന്നും ആ ജീവകോടികൾ ഏതെല്ലാം സ്വഭാവത്തിൽ ഈ സൗരയൂഥങ്ങളിൽ ഒതുങ്ങിക്കൂടിയിരിക്കുന്നെന്നും കണ്ടറിയുന്നു.

ഭൂമിക്ക് അടിയിൽത്തന്നെ ഏതെല്ലാം സൗരയൂഥങ്ങൾ ഉണ്ടെന്നും ആ സൗരയൂഥങ്ങൾക്ക് ചുറ്റും ഏതൊക്കെ സൗരയൂഥങ്ങൾ പ്രവർത്തിക്കുന്നെന്നും അങ്ങനെ ഈ സൂക്ഷ്മലോകത്തും ഈ ബാഹ്യലോകത്തും നാം കണ്ടിട്ടുള്ളതും കണ്ടിട്ടില്ലാത്തതുമായ കാര്യങ്ങൾ പങ്കുവെച്ചിട്ട് തന്റെ ശിഷ്യനെ തന്റേതാക്കുന്ന പ്രകൃതത്തിലേക്ക് ആത്മസാക്ഷാത്കാരത്തിൽക്കൂടി ബാഹ്യദൃഷ്ടിയിൽ ഒന്നും പറയാതെ തന്റെ പ്രകാശരൂപത്തോട് ചോദിച്ചറിയുന്ന സ്വഭാവം. ആ സ്വഭാവം ഈ പരമ്പരയിൽ എക്കാലവും കാണും. അതാണ് ഗുരു നിന്ന് എക്കാലവും ഈ പരമ്പരയെ നയിക്കുമെന്നും ഞാനായിട്ടു തന്നെ ഭരിക്കുമെന്നും അറിയിച്ചിരിക്കുന്നത്.

ആ ഭരിക്കുന്ന രംഗം പ്രത്യക്ഷീഭവിച്ച് ഓരോ മനുഷ്യഹൃദയത്തിലേക്കും ഗുരുവിന്റെ രൂപം എങ്ങനെയൊക്കെയാണോ പ്രവർത്തിക്കേണ്ടത് ആ പ്രവർത്തന ശേഷിത്വത്തിലേക്ക് കടന്നുവരികയും ശൈവ-ശാക്താ-ആഗമ എന്ന സിദ്ധാന്തത്തിലേക്ക് ഏതെല്ലാം ആയിത്തീരുന്നു, ഏതെല്ലാം ആയിത്തീരില്ല എന്നു ഈ ശിഷ്യൻ കണ്ടിട്ട് ഗുരുവും ശിഷ്യനുമായിട്ട് പങ്കുവെച്ചിട്ട് ഈ 'വേതാളനഗരംബത' എന്നു പറയുന്ന ഭാഗത്തുനിന്നും മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന ഒരു സ്വഭാവമുണ്ട്.

മനുഷ്യൻ പിശാചാകാം. ഋഷിയാകാം, കർമിയാകാം, യോഗിയാകാം, ഭക്തനാകാം, ജ്ഞാനിയാകാം, സന്ന്യാസിയാകാം. അങ്ങനെ ഈശ്വരചൈതന്യത്തിൽക്കൂടി സഞ്ചരിക്കുന്ന ഈശ്വരനാകാം, അങ്ങനെ എല്ലാമായിക്കഴിഞ്ഞതിനുശേഷം ദൈവം എന്നൊരു പ്രകാശരൂപമുണ്ട്. ആ പ്രകാശരൂപം ഈ സൗരയൂഥകോടികളിൽ എങ്ങനെ വിലയം പ്രാപിച്ചുനിൽക്കുന്നുവെന്നും ഈ അവസ്ഥയിൽത്തന്നെ ഗുരു കാണിച്ചുതരികയും ആ ഗുരു ആരാണെന്ന് നമ്മൾതന്നെ നമ്മളോട് ചോദിക്കുകയും ആ ഗുരുവിന്റെ ശിഷ്യനും ശിഷ്യഗണങ്ങളാകാനും ഈ പ്രകൃതിയിൽ ആ ഗുരുവിനെ ഒരു നോക്ക് കാണാനും ആ സ്പർശനം ഏറ്റുവാങ്ങാനും അതിനുള്ള പുണ്യവും ഭാഗ്യവും സിദ്ധിച്ചവരുമാണ് നമ്മൾ.

ഇനി വരും തലമുറകൾ ഇത് കണ്ടിട്ട് എന്റെ ഗുരു ഇങ്ങനെയൊക്കെ ആയിരുന്നോ, ഇന്നതുപോലെ ഒരു മഹാത്മാവ് വന്നിരുന്നോ, ഇന്നതായി തീർന്നു എന്നും തിരിച്ചറിയും. ഞാൻ കണ്ടതിൽ നിന്നും അപ്പുറമായി കാണുകയും ആ കണ്ട കാഴ്ച വേറൊരു സ്വഭാവത്തിൽ കണ്ടിട്ട് ഈ പ്രകൃതിയിൽ സൂക്ഷ്മീകരിച്ച് നിർത്തേണ്ടതിനെ നിർത്തുകയും അല്ലാത്തതിനെ മോചനപ്പെടുത്തുകയും അല്ലെങ്കിൽ ജനിപ്പിക്കേണ്ടതിനെ ജനിപ്പിക്കുകയും മുക്തി കൊടുക്കേണ്ടതിനെ മുക്തി കൊടുക്കുകയും ചെയ്യും. അങ്ങനെ സമ്പാദിക്കുന്ന ഒരു ശിഷ്യപരമ്പര ഈ ഗുരുവിന്റെ തപശ്ചര്യകൊണ്ട് നേടിയിരിക്കുന്നു. ആ നേടിയിരിക്കുന്ന കർമം ഈ ഭൂലോകത്തിൽ ഒരു ശിഷ്യൻ എങ്ങനെ പങ്കുവെക്കും?

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)



ആറ്റിങ്ങലിൽ നടന്ന നവഒലിജ്യോതിർദിനം സത്സംഗം

# നവഒലിജ്യോതിർദിനം സത്സംഗം സംഘടിപ്പിച്ചു

**ആറ്റിങ്ങൽ :** നവഒലിജ്യോതിർദിനത്തോടനുബന്ധിച്ച് ആറ്റിങ്ങലിൽ ഏര്യയിൽ സത്സംഗം സംഘടിപ്പിച്ചു. സർവ്വാദരണീയ സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. ഗുരുവിന്റെ കാരുണ്യത്തെക്കുറിച്ചും ത്യാഗത്തെക്കുറിച്ചും സ്വാമി സംസാരിച്ചു. മനുഷ്യജന്മത്തിൽ ഏറ്റവും വലിയ ഭാഗ്യം ഉത്തമനായ ഒരു ഗുരുവിനെ ലഭിക്കുക എന്നതാണ്. ഗുരുപൂജയെക്കുറിച്ച് സ്വാമി വിശദമായി സംസാരിച്ചു. സ്വാമി ജനനൻമ ജ്ഞാനതപസ്വി, സ്വാമി ചിത്തശുദ്ധൻ, സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, സജീവൻ എടക്കാടൻ, എം. ആർ. ബോബൻ എന്നിവർ സംബന്ധിച്ചു.

# ശുചിത്വമിഷന്റെ സഹായത്തോടെ ഗ്രീൻ ശാന്തിഗിരി പദ്ധതി

**സ്പിരിച്വൽ സോൺ :** നവഒലിജ്യോതിർദിനത്തോടനുബന്ധിച്ച് ശുചിത്വമിഷന്റെ സഹായത്തോടെ ഗ്രീൻ ശാന്തിഗിരി പദ്ധതി നടപ്പിലാക്കും.ആശ്രമം അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെയും സംസ്ഥാന ശുചിത്വമിഷന്റെയും ആഭിമുഖ്യത്തിൽ സീറോ വേസ്റ്റ് മാനേജ്മെന്റ് എന്ന വിഷയത്തെക്കുറിച്ച് ഏപ്രിൽ 6 ന് സ്പിരിച്വൽസോൺ കോൺഫറൻസ് ഹാളിൽ വെച്ച് ആലോചനയോഗത്തിലാണ് ഈ തീരുമാനം എടുത്തത്.കുത്തിയതോട് പെലിക്കൺ ഫൗണ്ടേഷൻ പ്രതിനിധി ഡോ. സി. എൻ. മനോജ് മുഖ്യപ്രഭാഷണം നടത്തി. ശുചിത്വം കുട്ടികളിലൂടെ നടപ്പാക്കാൻ നമുക്ക് കഴിയണമെന്നും ഒരു കാർഷിക വിഭവം നമ്മൾ ഉത്പാദിപ്പിക്കുമ്പോൾ അതിന് വളമായി മാലിന്യങ്ങൾ നിക്ഷേപിക്കുമ്പോൾ ആഹാരമായി നാം കഴിക്കുകയും അതിലൂടെ രോഗങ്ങൾ പിടിച്ചുപറ്റുകയും ചെയ്യുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാണമെന്നും അതിലൂടെ ലോകത്തിന് ഒരു മാതൃക സൃഷ്ടിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

തുടർന്ന് സംസാരിച്ച കോലിയക്കോട് ഹെൽത്ത് ഇൻസ്പക്ടർ ജഗജീവൻ ഒരു ചെറിയ പ്ലാസ്റ്റിക്ക് കഷ്ണം പോലും കണ്ടാൽ അത് തിന്മായായെ തോന്നുകയുള്ളൂവെന്നും സമ്പൂർണ്ണ ശുചിത്വം എന്നത് സ്വപ്നസാഫല്യമാണെന്നും പറഞ്ഞു. ശാന്തിഗിരി ആശ്രമത്തിലെ സ്റ്റാഫുകൾ സീറോ വേസ്റ്റ് മാനേജ്മെന്റ് നടപ്പിലാക്കുന്നതിന് എടുക്കുന്ന അനുകൂലമായ സമീപനം സന്തോഷം നൽകുന്നതാണ്. ചൂടുള്ള ആഹാരസാധനങ്ങൾ ക്യാന്റീനിൽ നിന്നും പ്ലാസ്റ്റിക്ക് കവറുകളിൽ കൊണ്ടുപോകുന്നത് നിർത്തലക്കേണ്ടതാണ്. ശുചിത്വമിഷൻ പൂർണ്ണമായി നടപ്പിലാക്കാൻ ലോകത്തെ ഏറ്റവും ഉത്തമസ്ഥലങ്ങളിൽ ഒന്ന് ആശ്രമമാണെന്നും അദ്ദേഹം പറഞ്ഞു.



ശാന്തിഗിരി - ശുചിത്വമിഷൻ ആലോചനായോഗത്തിൽ നിന്ന്

ചടങ്ങിൽ മഹനീയ സാന്നിദ്ധ്യമായ ആദരണീയ സ്വാമി ജനമോഹൻ ജ്ഞാനതപസ്വി വൃത്തി, ശുദ്ധി, പവിത്രത എന്ന ഗുരുവാക്കിനെ മുൻനിർത്തി എല്ലാവരുടേയും സഹായത്തോടെ പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടു. ലോകത്തിന്റെ ഇപ്പോഴത്തെ രീതിയിൽ പോയാൽ നമുക്ക് ശുദ്ധമായ വായു, ജലം എന്നിവ ഇല്ലാത്ത സ്ഥിതിയുണ്ടാകുമെന്നും വരുതലമുറയുടെ ഭാവി കൂടി നമ്മളിലാണെന്ന ബോധ്യത്തോടെ നൂറ് ശതമാനം ഈ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയട്ടെയെന്നും പറഞ്ഞുകൊണ്ട് സ്വാമി വാക്കുകൾ ഉപസംഹരിച്ചു.

കൃതജ്ഞത രേഖപ്പെടുത്തിയ ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ഗുരു പ്രകൃതിക്ക് അനുയോഗ്യമായ സാഹചര്യമാണ് നമുക്ക് വേണ്ടി ഇവിടെ ഒരുക്കി വെച്ചിരിക്കുതെന്നും പ്രകൃതിക്കുള്ള പ്രാധാന്യം നാം ഇതിലൂടെ തിരിച്ചറിയണമെന്നും ആവശ്യപ്പെട്ടു. ചടങ്ങിൽ എം. പി. പ്രമോദ് സ്വാഗതം ആശംസിച്ചു.

## ഏപ്രിൽ 14ന് വാർഷികം

**പാലക്കാട് :** ശാന്തിഗിരി ആശ്രമം ഓലശ്ശേരി ബ്രാഞ്ചിന്റെ 20–ാം വാർഷികം ഏപ്രിൽ 14 ന് പ്രാർത്ഥനാ പൂർവം ആഘോഷിക്കും. രാവിലെ 5 മണിയുടെ ആരാധനയോടെ ആരംഭിക്കുന്ന ആഘോഷങ്ങൾ വൈകുന്നേരം ഏഴ് മണിയ്ക്ക് നടക്കുന്ന ദീപം പ്രദക്ഷിണത്തോടെ സമാപിക്കും. രാവിലെ 6.30 ന് പുഷ്പസമർപ്പണം ഉണ്ടായിരിക്കും. രാവിലെ 10 മണിക്ക് വാർഷിക സമ്മേളനത്തിൽ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലകളിലെ പ്രമുഖർ പങ്കെടുക്കും. രാത്രി 9.30 മുതൽ വിവിധ കലാപരിപാടികൾ ഉണ്ടായിരിക്കും.

## വെക്കേഷൻ ക്ലാസ്സുകൾക്ക് അഡ്മിഷൻ ആരംഭിച്ചു

**റിസർച്ച് സോൺ :** ശാന്തിഗിരി വിശ്വസംസ്കൃതികലാരംഗത്തിൽ വെക്കേഷൻ ക്ലാസ്സുകൾക്ക് പുതിയ അഡ്മിഷൻ ആരംഭിച്ചു. ശാസ്ത്രീയസംഗീതം, ഗിത്താർ, വയലിൻ, തബല, കീബോർഡ്, മൃദംഗം, ചിത്രരചന, പുല്ലാങ്കുഴൽ, ചെണ്ടമേളം, പഞ്ചവാദ്യം, നാദസ്വരം എന്നീ വിവിധ ഇനങ്ങളിൽ പ്രാവീണ്യം നേടിയ അദ്ധ്യാപകർ പരിശീലനം നൽകുന്നു. ബന്ധപ്പടേണ്ട ഫോൺ നമ്പറുകൾ : 8111882263, 9495855542, 9847488614



അനുസ്മരണ സമ്മേളനത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി സംസാരിക്കുന്നു

# 'മനുഷ്യന്റെ നന്മകളാണ് അവരുടെ അടയാളങ്ങളായി ശേഷിക്കുന്നത്'

**ആലപ്പുഴ :** ജീവിതത്തിൽ മനുഷ്യൻ ചെയ്യുന്ന നന്മകളാണ് മരണശേഷം അവരുടെ അടയാളങ്ങളായി ഭൂമിയിൽ ശേഷിക്കുന്നതെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. ആലപ്പുഴ ജില്ലയിലെ ആശ്രമത്തിന്റെ ആദ്യകാല പ്രവർത്തകരിലൊരാളായ കെ.കെ. സുധീശബാബുവിന്റെ അനുസ്മരണ സമ്മേളനം ആര്യാട് ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി.തിന്മയെ ജയിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത് നിഷ്ഠയായ പ്രാർത്ഥനകളാണെന്നും സ്വാമി പറഞ്ഞു.



കെ.കെ. സുധീശബാബു

ചടങ്ങിൽ ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി,സ്വാമി അർച്ചിത്ത് ജ്ഞാനതപസ്വി, ആശ്രമം അഡ്വൈസറി കമ്മിറ്റി ചുമതലക്കാരായ അബൂബക്കർ എ., വി. പി. രാജീവ്, ശാന്തിഗിരി ആശ്രമം ചേർത്തല ഏര്യ ഓഫീസ് സീനിയർ മാനേജർ സി. എൻ. സുരേഷ്, രവീന്ദ്രൻ പി.ജി., എൻ. കെ. അരവിന്ദൻ, ബിജുസി., യശോധരൻ കറ്റാനം, സനൽകുമാർ റ്റി തുടങ്ങിയവർ സംസാരിച്ചു.

## ദിവംഗതരായി



അരവിന്ദാക്ഷൻ.പി

**ജ്യോതിപുരം :** ശാന്തിഗീതം ഭവനത്തിൽ അരവിന്ദാക്ഷൻ. പി (68) ഏപ്രിൽ 4 ന് ദിവംഗതനായി. ആശ്രമത്തിന് സമീപമുള്ള മോഹനം എന്റർപ്രൈസസ് ഉടമയാണ്. ഭാര്യ എം. തങ്കമണി, മക്കൾ: അബിത. പി (ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്) , അജിത്കുമാർ. പി (ശാന്തിഗിരി മുദ്രണാലയം) മരുമക്കൾ : പ്രേമരാജൻ (റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്), അർച്ചന.ജി (ആശ്രമം ഫിനാൻസ് ഡിപ്പാർട്ട്മെന്റ്).



ശിവശങ്കരപ്പിള്ള

**കൊല്ലം :** ആദ്യകാല ആശ്രമ പ്രവർത്തകരിൽ ഒരാളായ ശിവശങ്കരപ്പിള്ള (മണി– 78) ദിവംഗതനായി. ഭാര്യ ദിവംഗതയായ ശാന്തകുമാരി. സംസ്കാരം നടന്നു മക്കൾ : ശ്യാംശങ്കർ, പ്രേംശങ്കർ, രാമശങ്കർ.



പാളയം കത്തിഡ്രലിന്റെ വ്യക്തിത്വ വികസന ക്യാമ്പ് ശാന്തിഗിരി ആശ്രമം സ്പിരിച്ച്വൽ സോൺ കോൺഫറൻസ് ഹാളിൽ ഫാ.ഫാ.ജോർജ് ജെ. ഗോമസ് ഉദ്ഘാടനം ചെയ്യുന്നു.

# ശാന്തിഗിരിയിൽ പാളയം കത്തീഡ്രൽ ക്യാമ്പ് നടന്നു

**സ്പിരിച്വൽ സോൺ:** പാളയം സെന്റ് ജോസഫ് കത്തീഡ്രലിന്റേയും ശാന്തിസമിതിയുടേയും ആഭിമുഖ്യത്തിൽ ശാന്തിഗിരി ആശ്രമത്തിൽ വെച്ച് വ്യക്തിത്വ വികസന ക്യാമ്പ് 2017 നടന്നു. ഏപ്രിൽ രണ്ടാംതീയതി മുതൽ എട്ടാംതീയതിവരെ നടത്തുന്ന ക്യാമ്പ് സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ വെച്ച് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആറാമത്തെ ദിവസമാണ് ശാന്തിഗിരിയിൽ നടത്തിയത്. രാവിലെ 10.00 മണിക്ക് ആശ്രമം സ്പിരിച്ച്വൽ സോണിലെത്തിയ സംഘം ആശ്രമസന്ദർശനത്തിനു പുറമേ വ്യക്തിത്വ വികസനവുമായി ബന്ധപ്പെട്ട സെമിനാറിൽ പങ്കെടുത്തു. സെമിനാർ പാളയം കത്തീഡ്രൽ വികാരി ഫാ.ജോർജ് ജെ. ഗോമസ് ഉദ്ഘാടനം ചെയ്തു. ആശ്രമം ഹ്യൂമൻറിസോഴ്സസ് സീനിയർ ജനറൽ മാനേജർ കെ.ആർ.എസ്. നായർ, ശാന്തിഗിരി റിസർച്ച് ഫൌണ്ടേഷൻ സീനിയർ ഫെലോ ഡോ.ഗോപിനാഥൻ നായർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ശാന്തിസമിതി സെക്രട്ടറി ജെ.എം. റഹീം, കൺവീനർ ആർ.നാരായണൻ തമ്പി, പാളയം കത്തീഡ്രൽ എജ്യൂക്കേഷൻ കൺവീനർ ഡോ. മേരി റീന എന്നിവർ ടീമിനെ നയിച്ചു.

ടീം വൈകിട്ട് ആയുർവേദ സിദ്ധ വൈദ്യശാല, ഡയറി യൂണിറ്റ് എന്നിവ സന്ദർശിക്കുകയും സ്നേഹത്തിന്റെ പാഥേയം പ്രോഗ്രാം ദർശിക്കുകയും ചെയ്തു.

# റേറ്റിംഗിൽ മികവുമായി 'പാഥേയം'




**സ്പിരിചൽ സോൺ :** ടെലിവിഷൻ പരിപാടികളെക്കുറിച്ച് പ്രമുഖ വാർത്താമാധ്യമമായ ദി ടൈംസ് ഓഫ് ഇന്ത്യ നടത്തിയ സർവ്വേയിൽ 'സ്നേഹത്തിന്റെ പാഥേയ' ത്തിന് മികച്ച റേറ്റിംഗ്. മാർച്ച് മാസത്തെ പരിപാടികളിൽ 5 ൽ 4.6 പോയിന്റ് നേടിയാണ് ഈ പരിപാടി മുന്നിലെത്തിയത്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും മാനവികതയുടെയും മതേതരത്വത്തിന്റെയും സന്ദേശവുമായി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി അവതരിപ്പിക്കുന്ന 'സ്നേഹത്തിന്റെ പാഥേയം' തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6.45 മുതൽ 7 മണി വരെ ഏഷ്യാനെറ്റ് ചാനലിൽ സംപ്രേഷണം ചെയ്തുവരുന്നു.



ശാന്തിമഹിമ തിരുവനന്തപുരം റൂറൽ ഏരിയ സത്സംഗം



ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ പി.സി.എം സ്കോളർഷിപ്പ് വിജയികൾക്ക് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി സർട്ടിഫിക്കറ്റ് നൽകുന്നു

## ഗൃഹ പ്രവേശം



സ്നേഹപുരത്ത് കെ.ആർ ജയപാൽ - മഞ്ജു കെ.പി ദമ്പതിമാർ നിർമ്മിച്ച ഗുരുവന്ദനം ഭവനം (മുകളിൽ)
ജ്യോതിപുരത്ത് രാജേഷ് - ജയശ്രീ ദമ്പതിമാർ നിർമ്മിച്ച ഗുരുദാനം ഭവനം (താഴെ)

ഫോട്ടോസ് : ഷാബു ഇളമ്പ



ഗുരുചരണം ശരണം

പ്രാർത്ഥനയോടെ

മാധവദാസ് കെ.എം.
ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala